**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ തോക്കാട് വി.സി.ബി യുടെ അറ്റകുറ്റപണി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോട് പഞ്ചായത്തിൽ തിമിരി വാർഡിൽ പച്ചാണിയിലുള്ള തോക്കാട് വെന്റഡ് ക്രോസ്സ് ബാർ (വി.സി.ബി) -ന് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിക്കുകയും ആയതിന്റെ ഷട്ടറുകൾ ഉപയോഗശൂന്യമായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വി.സി.ബി യുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തോക്കാട് വി.സി.ബി-യുടെ അറ്റകുറ്റ പ്പണികൾക്കുള്ള 20,00,000/- രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി പ്രൈസ്-1-ൽ ആണ് ലഭ്യമായിട്ടുള്ളത്. പ്രൈസ്-3-നിലവിൽ വന്ന സാഹചര്യത്തിൽ മേൽ പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് അടുത്ത സാമ്പത്തിക വർഷത്തെ ഉചിതമായ ശീർഷകത്തിൽ മുൻഗണനാപട്ടികയിലുൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സാമ്പ ത്തികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ജലദൗർലഭ്യം നേരിടുന്ന ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കൃഷി ആവശ്യത്തിനും ഏറെ സഹായകരമാകുന്ന പ്രസ്തുത വി.സി.ബി,അറ്റകുറ്റപണികൾ നടത്തി സംരക്ഷിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | തോക്കാട് വി.സി.ബി-യുടെ അറ്റകുറ്റ പ്പണികൾക്കുള്ള 20,00,000/- രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി പ്രൈസ്-1-ൽ ആണ് ലഭ്യമായിട്ടുള്ളത്. പ്രൈസ്-3-നിലവിൽ വന്ന സാഹചര്യത്തിൽ മേൽ പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് അടുത്ത സാമ്പത്തിക വർഷത്തെ ഉചിതമായ ശീർഷകത്തിൽ മുൻഗണനാപട്ടികയിലുൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സാമ്പ ത്തികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ